പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1607 | 03/05/2017-ൽ മറുപടിക്ക്

## അമൃതം ആരോഗ്യം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ**<br>**കാരാട്ട് റസാഖ്**<br>**കെ.ഡി. പ്രസേനൻ**<br>**കെ. കെ. രാമചന്ദ്രൻ നായർ** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | സംസ്ഥാനത്ത് ജീവിത ശൈലീരോഗങ്ങളുടെ നിയന്ത്രണത്തിനും ചികിത്സയ്ക്കുമായി അമൃതം ആരോഗ്യം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | ബി) | അമൃതം ആരോഗ്യം പദ്ധതിയിലൂടെ മൂന്ന് തലങ്ങളിലുള്ള സേവനമാണ് ആരോഗ്യ വകുപ്പ് ഉദ്ദേശിച്ചിരിക്കുന്നത്.<br>**<u>പ്രൈമറി തലം.</u>**<br>ജീവിതശൈലീരോഗങ്ങൾ വരാതെ ആരോഗ്യപരമായ ശൈലി മാറ്റത്തിലൂടെ ജനങ്ങളെ ഉത്ബോധിപ്പിക്കുന്നതിനുള്ള സേവനങ്ങൾ ആരോഗ്യ വകുപ്പ് നൽകി വരുന്നു. ആരോഗ്യ ബോധവത്കരണം, പുകവലി, മദ്യപാനം തുടങ്ങിയ ദുശീലങ്ങൾ ആരോഗ്യപരമായ ഭക്ഷണരീതി, ചിട്ടയായ വ്യായാമം എന്നീ വിഷയങ്ങളെക്കുറിച്ച് വിവിധ വിഭാഗത്തിൽപ്പെട്ട ജനങ്ങൾക്കായുള്ള പ്രചരണ പരിപാടികൾ എന്നിവ ആരോഗ്യ വകുപ്പിന്റെ വിവിധ കേന്ദ്രങ്ങളിലൂടെ നടത്തിവരുന്നു.<br>**<u>സെക്കൻഡറി തലം</u>**<br>മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനവിഭാഗങ്ങളെയും സ്ക്രീനിംഗിന് വിധേയമാക്കുകയും, രോഗം കണ്ടെത്തുന്നവർക്ക് ചികിത്സയും, മരുന്നും സൗജന്യമായി നൽകുന്നതിനും ഗുരുതരാവസ്ഥയുള്ളവരെ വിദഗ്ദ്ധ ചികിത്സയ്ക്കായി റഫർ ചെയ്യുന്നതിനും എല്ലാ ആരോഗ്യ കേന്ദ്രങ്ങളെയും സജ്ജീകരിച്ചിട്ടുണ്ട്.<br>**<u>Tertiary Care</u>**<br>ഹൃദ്രോഗം, പക്ഷാഘാതം, ക്യാൻസർ, വൃക്കരോഗം തുടങ്ങിയ രോഗങ്ങൾ നിർണ്ണയിക്കുന്നതിനും ചികിത്സിക്കുന്നതിനും ജില്ലാ ജനറൽ ആശുപത്രികളെ സജ്ജീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| സി) | ഓഫീസുകൾ, തൊഴിൽശാലകൾ എന്നിവിടങ്ങളിൽ ജീവിത ശൈലീരോഗ നിയന്ത്രണത്തിനായി വർക്ക് പ്ലേസ് ഇന്റർവെൻഷൻ പരിപാടി നടപ്പാക്കി വരുന്നുണ്ടോ; | സി) | എല്ലാ സാമ്പത്തിക വർഷവും വാർഷിക പദ്ധതി ഫണ്ട് ഉപയോഗിച്ച് Work place intervention എന്ന പേരിൽ കേരളത്തിൽ ഉടനീളം സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരിലും തൊഴിൽ ശാലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കും ജീവിത ശൈലീരോഗ നിർണ്ണയ ക്യാമ്പുകളിലൂടെ രോഗനിർണ്ണയവും ചികിത്സയും നടത്തി വരുന്നു. |
| ഡി) | ജീവിത ശൈലീരോഗ നിയന്ത്രണത്തിനായി എന്തെല്ലാം ബോധവൽക്കരണ പരിപാടികളാണ് ചെയ്തുവരുന്നതെന്ന് വ്യക്തമാക്കാമോ? | ഡി) | ജീവിതശൈലീരോഗങ്ങൾ നിയന്ത്രിക്കുന്നതിനായി ദൃശ്യശ്രാവ്യ, പത്ര മാധ്യമങ്ങളിലൂടെയും ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകളിലൂടെയും ബോധവൽക്കരണം നടത്തി വരുന്നു. സ്കൂൾ കുട്ടികൾക്കായി Exhibition, മത്സരങ്ങൾ എന്നിവ നടത്തുകയും പുകവലി, മദ്യപാനം Junk food എന്നിവയെക്കുറിച്ചുള്ള ആരോഗ്യ ബോധവൽക്കരണവും നടത്തി വരുന്നു. മുൻ നിര സിനിമാതാരങ്ങളെയും കലാ സാംസ്കാരിക പ്രമുഖരെയും ഉൾപ്പെടുത്തി ഭക്ഷണം, വ്യായാമം, ലഹരി എന്നിവയെ കുറിച്ചുള്ള ഹാസ്യചിത്രങ്ങളും, ബോധവൽക്കരണത്തിനായി ആരോഗ്യവകുപ്പ് നിർമ്മിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ